# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.2623 09.03.2017 ലെ മറുപടി

### വടക്കാഞ്ചേരി പുഴയിൽ ചിറകളുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുരളി പെരുനെല്ലി: | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) വാഴാനി ഡാമിന്റെ വലതുകര കനാലായ വടക്കാഞ്ചേരി പുഴയിൽ മണലൂർ മണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിൽ കാർഷികാഭിവൃദ്ധിക്കുള്ള ജലവിതരണം സുഗമമായി നടത്തുന്നതിനായി, നാല് ചിറകൾ നിർമ്മിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. വാഴാനി ഡാമിന്റെ വലതുകര കനാലായ വടക്കാഞ്ചേരി പുഴയിൽ മണലൂർ മണ്ഡലത്തിൽ നിലവിൽ പാറന്നൂർ ചിറ, പെരുവാൻ ചിറ എന്നീ രണ്ട് സ്ഥിരമായ ചിറകൾ ഉണ്ട്. കാർഷികാഭിവൃദ്ധിക്കുള്ള ജലവിതരണം സുഗമമായി നടത്തു ന്നതിനായി പ്രസ്തുത മണ്ഡലത്തിലെ തുവാന്നൂർ, തുമ്പൂഴ, ആയമുക്ക്, പറപ്പൂക്കാവ് എന്നീ 4 സ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കു ന്നതിന് കർഷകർ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ഇതിനുള്ള ഇൻവെ സ്റ്റിഗേഷൻ പണികൾ പൂർത്തിയാക്കി, വിശദമായ പ്രോജകട് റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതാണ്. തുടർന്ന്, ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ചിറകളുടെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്. |

(ബി) പ്രസ്തുത ചിറകളുടെയും കനാലിന്റെയും വാർഷിക അറ്റകുറ്റ പണികൾക്കായി ഈ വർഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി) &(സി)

വാഴാനി ഡാമിനോടനുബന്ധിച്ചുള്ള ഏകദേശം 57 കി.മീ നീളമുള്ള കനാലുകളുടേയും 23 ചിറകളുടെയും വാർഷിക അറ്റകുറ്റപ്പണികൾക്കായി 1.00 കോടി രൂപ 2016-17 ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും മണലൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കനാലുകളുടേയും 2 ചിറകളുടേയും ഒരു അക്വാഡക്റ്റിന്റേയും അറ്റകുറ്റപ്പണി കൾക്കായി ആകെ 5.56 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കനാലിന്റെ അറ്റകുറ്റ പ്പണികൾക്ക് | - 3,00,000/- രൂപ |
| പാറന്നൂർ ചിറയുടെ അറ്റകുറ്റപ്പണികൾക്ക് | - 71,000/- രൂപ |
| പെരുവാൻ ചിറയുടെ അറ്റകുറ്റപ്പണികൾക്ക് | - 75,000/- രൂപ |
| ആളൂർ അക്വാഡക്റ്റിന്റെ അറ്റകുറ്റപ്പണികൾക്ക് | - 1,10,000/- രൂപ |

സെക്ഷൻ ഓഫീസർ